# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് - അതിരമ്പുഴ ജഗ്ഷനിൽ റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചു നീക്കിയ ഏറ്റുമാനൂർ ക്രിസ്തുരാജ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കുരിശുപള്ളി പുന:സ്ഥാപിക്കുന്നതിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിൽ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പ്

സ.ഉ (എംഎസ്) നം. 306/2012/തസ്വഭവ തീയതി, തിരുവനന്തപുരം, 23 /11/2012.

=====================================================================

പരാമർശം - 1) കെ.എസ്.ടി.പി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 05/07/11-ലെ എം- 3732/2008 നമ്പർ കത്ത്.

2) ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17/03/2012-ലെ എ1-5769/2011 നമ്പർ കത്ത്.

3) ചീഫ് ടൗൺ പ്ലാനറുടെ 28/05/2012-ലെ സി3-3906/2012/കെഡിസ് നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ, അതിരമ്പുഴ ജംഗ്ഷനിൽ നിലവിലുണ്ടായിരുന്ന ഏറ്റുമാനൂർ ക്രിസ്തുരാജ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കുരിശുപള്ളി കെ.എസ്.റ്റി.പി. റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചുനീക്കുകയുണ്ടായി. റോഡ് വികസനത്തിന് ഭൂമി വിട്ടുനൽകിയതിന് ശേഷം ബാക്കിയുള്ള പള്ളിവകസ്ഥലത്തിന് പുറകോട്ട് മാറി ഈ ആവശ്യത്തിന് വേണ്ടി പള്ളി അധികൃതർ പുതുതായി വാങ്ങിയിട്ടുള്ള സ്ഥലത്ത് പുതിയ കുരിശു പള്ളി നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിൽ ചട്ടം 28 പ്രകാരം റോഡിൽ നിന്നും 3 മീറ്റർ അകലം പാലിക്കാൻ നിലവിലുള്ള സ്ഥലത്ത് കഴിയാത്തതിനാൽ, കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കാൻ വേണ്ടി പള്ളി അധികൃതർ അപേക്ഷ സമർപ്പിക്കുകയും, കോട്ടയം ജില്ലാ കളക്ടറുടേയും, സർക്കാരിന്റെയും അനുമതിയ്ക്ക് വിധേയമായി നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് കെ.എസ്.റ്റി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം ഒന്നിലെ കത്തു പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. 19-02-2011-ൽ ജില്ലാകളക്ടർ ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ചുചേർക്കുകയും, ഗവൺമെന്റ് അനുമതിക്ക് വിധേയമായി പഞ്ചായത്തിന് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. കുരിശ്ശുപള്ളി നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവിന് വിധേയമായി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിൽ ഇളവനുവദിക്കുന്നതിന് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും പരാമർശം രണ്ടിലെ കത്ത് മുഖേന ഈ വിഷയം പരിഗണിക്കാൻ സർക്കാരിനോട് ആഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നിലവിലുള്ള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം മൂന്ന് മീറ്റർ സെറ്റ് ബാക്ക് ലഭ്യമാക്കേണ്ടതാണെങ്കിലും റോഡ് വികസനത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്ത ശേഷം ലഭ്യമായ ബാക്കി സ്ഥലത്ത് ടി ചട്ടം പാലിച്ചുകൊണ്ടുള്ള നിർമ്മാണം സാധ്യമല്ല എന്നും ആയതിനാൽ ടി നിർമ്മാണത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കുന്ന വിഷയത്തിൽ സർക്കാരിന് തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഏറ്റുമാനൂർ അതിരമ്പുഴ റോഡിൽ ക്രിസ്തുരാജ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കുരിശുപള്ളി നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം മൂന്ന് മീറ്റർ സെറ്റ് ബാക്ക് ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതിനാലും, കോട്ടയം ജില്ലാ കളക്ടറും, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തും ഈ വിഷയത്തിൽ അനുകൂല നിലപാടുകൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിലും, ഒരു പൊതു ആവശ്യത്തിനായി ഭൂമി വിട്ട് നൽകിയപ്പോഴാണ് പള്ളി പൊളിച്ച് മാറ്റേണ്ടി വന്നത് എന്ന വസ്തുത പരിഗണിച്ചും, കെ. എസ്. ടി. പി. റോഡ് വികസനത്തിന്റെ ഭാഗമായി നിലവിലുള്ള കുരിശുപള്ളി പൊളിച്ചു നീക്കി കഴിഞ്ഞ സാഹചര്യത്തിലും ഇതൊരു പ്രത്യേക കേസായി കണക്കിലെടുത്ത് പുതിയ കുരിശ് പള്ളി പണിയുന്നതിന് നിലവിലുള്ള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം മൂന്ന് മീറ്റർ സെറ്റ് ബാക്ക് ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ ഇളവനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതു സംബന്ധിച്ച് തുടർ നടപടികൾ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
**ടി. ജെ. മാത്യു,**
സെക്രട്ടറി.

ജില്ലാ കളക്ടർ, കോട്ടയം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്,
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ. എസ്. ടി. പി,
ദി ട്രസ്റ്റി, ക്രിസ്തുരാജ ചർച്ച്, ഏറ്റുമാനൂർ
പൊതുഭരണ (എസ്.സി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ